# മുട്ട പാക്കറ്റിലാവുമ്പോൾ

സജ്ജു

കാർഷിക രംഗത്തെ ബഹുരാഷ്ട്രകുത്തകകമ്പനിയായ കാർഗിൽ അമേരിക്കയിൽ താറാമുട്ട പാക്കറ്റിലാക്കി വിപണിയിൽ ഇറക്കി. വഞ്ചന നിറഞ്ഞ ഒരു വിപണനതന്ത്രത്തിന്റെ പിൻബലത്തിലൂടെയാണ് അവർ മുട്ട വിപണിയിലേക്ക് പ്രവേശിച്ചത്. കാർഗിലിന്റെ ഫാമിൽ ഉൽപ്പാദിപ്പിച്ച ലക്ഷക്കണക്കിന് മുട്ടകൾ കൃത്രിമമായി ചീമുട്ടകളാക്കി മാറ്റി. വളരെ രഹസ്യമായി മറ്റൊരു ഏജൻസിയുടെ സഹായത്തോടെ അമേരിക്കയിലെ വിപണിയിൽ എത്തിച്ചു. ഉപഭോക്താക്കൾ വാങ്ങുന്ന മുട്ടകൾ പലതും 'ചീമുട്ടകളായിരുന്നു. ഈ സന്ദർഭത്തിൽ തന്നെ കാർഗിൽ ഉയർന്ന ഗുണനിലവാരം ഉറപ്പാക്കുന്ന പാക്കറ്റ്മുട്ട പരസ്യത്തിന്റെ അകമ്പടിയോടെ വിപണിയിൽ എത്തിച്ചു. ജനം ഒരു പരീക്ഷണത്തിന് മുതിരാതെ കാർഗിലിന്റെ പാക്കറ്റ് മുട്ട വാങ്ങി ശീലിച്ചു. വർഷങ്ങളായി അമേരിക്കയിൽ പാക്കറ്റ് മുട്ട വിപണി കീഴടക്കി വാഴുകയാണ്.



ഇപ്പോൾ ഇന്ത്യയിൽ സഫയർ ഫുഡ്സ് പ്രൈവറ്റ് ലിമിറ്റഡ് 'മദർ ഹെൻസ് ഗോൾഡൻ എഗ്ഗ്' എന്ന പേരിൽ പാക്ക് ചെയ്ത കോഴിമുട്ട വിപണിയിൽ ഇറക്കിയിരിക്കുന്നു. മെക്സിക്കോയിൽ നിന്നും ജമന്തിപ്പൂക്കൾ സംസ്കരിച്ചെടുക്കുന്ന കോഴിത്തീറ്റകൾ നൽകി ഉല്പാദിപ്പിക്കുന്ന കോഴിമുട്ടയിൽ പോഷകഗുണം കൂടുമെന്ന് അവർ പറയുന്നു. മുട്ട ഒന്നിന് 2.50 പൈസയാണ് വില നിശ്ചയിച്ചിരിക്കുന്നത്. വിവിധ രാജ്യങ്ങളിൽ നിന്നും മുട്ട ഇറക്കുമതി ചെയ്യാനുള്ള ശ്രമങ്ങളും ആരംഭിച്ചുകഴിഞ്ഞു.

കോഴിവളർത്തൽ നാട്ടിൻപുറത്തെ സാധാരണ സ്ത്രീകളുടെ ഒരു വരുമാനമാർഗ്ഗമാണ്. കോഴിവളർത്തൽ ഗ്രാമീണ ദാരിദ്ര്യനിർമ്മാർജ്ജനത്തിനുള്ള പരിപാടിയായി സർക്കാർ ക്ഷേമപദ്ധതികളിൽ ഇപ്പോഴും ഉൾപ്പെടുത്തിവരുന്നുണ്ട്. ഗുണനിലവാരത്തിന്റെ പേരിൽ പാക്കറ്റ് മുട്ടകൾ വൻ കമ്പനികളുടെ ലേബലിൽ വാങ്ങുമ്പോൾ ഉപഭോക്താക്കൾ രണ്ടു കൈയും നീട്ടി അത് സ്വീകരിക്കും. ഇത് ചെറിയ പൗൾട്രിഫാമുകളെയും വീട്ടുവളപ്പിൽ കോഴിവളർത്തുന്നവരെയും പ്രതികൂലമായി ബാധിക്കും. മനുഷ്യന്റെ ഉപഭോഗവസ്തുക്കൾ എന്തായാലും അത് ബഹുരാഷ്ട്രകുത്തകകൾ തരും. അതു മാത്രം വാങ്ങുക. അതാണ് ആഗോളവത്കരണത്തിന്റെ കാതൽ. അവർ കോഴിമുട്ടയെപ്പോലും വെറുതെ വിടുന്നില്ല.